

# വെള്ളിക്കുളങ്ങര തിരുക്കുടുംബ ഇടവക

വെള്ളിക്കുളങ്ങരയിൽപ്പെട്ട ഇരിങ്കണ എന്ന സ്ഥലത്ത് 42 കുടുംബങ്ങൾക്കുവേണ്ടി എലിഞ്ഞിപ്ര ചൗക്ക പള്ളിയുടെ അന്നത്തെ വികാരിയായിരുന്ന ബഹു. യോഹന്നാൻ കിഴക്കൂടനച്ചന്റെ താത്പര്യ പ്രകാരം 1112 വൃശ്ചികം 12-ന് (1936) 40 സെന്റ് സ്ഥലംവാങ്ങി പണിത കുരിശുപള്ളി 1937 സെപ്തംബർ 6-ാം തിയ്യതി തൃശ്ശൂർ ബിഷപ് മാർ ഫ്രാൻസീസ് വാഴപ്പിള്ളി വെഞ്ചിരിച്ച് തിരുക്കുടുംബത്തിന് പ്രതിഷ്ഠിച്ചു. റോഡുകളോ യാത്രാസൗകര്യങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് ബ്രിട്ടീഷ് ഭരണാധികാരികൾ ആനപ്പാന്തം, പറമ്പിക്കുളം തുടങ്ങിയ വൻമലകളിൽ നിന്ന് തേക്ക്, ഈട്ടി തുടങ്ങിയ വനസമ്പത്ത് ശേഖരിക്കുന്നതിന് ഉപയോഗിച്ചിരുന്ന ട്രാം വണ്ടിയിലായിരുന്നു യോഹന്നാനച്ചന്റെ യാത്ര. തികച്ചും ക്ലേശകരമായ അവസ്ഥ. ഇടവകജനങ്ങൾ വർദ്ധിച്ചുവന്നതോടെ കാലാകാലങ്ങളിൽ മാറി മാറി വന്ന ബഹു. വികാരിയച്ചന്മാർ ദേവാലയം വിപുലീകരിച്ചുകൊണ്ടിരുന്നെങ്കിലും സൗകര്യങ്ങൾ പരിമിതമായിരുന്നു. ക്രമേണ സിമിത്തേരിയും വൈദിക മന്ദിരവും പള്ളിയും വെഞ്ചിരിച്ചു. തുടർന്ന് ഇടവകയായി ഉയർത്തപ്പെട്ടു.

1977-ൽ ബഹു. ആന്റണി മേച്ചേരി അച്ചന്റെ സേവനകാലയളവിൽ ഇടവകയുടെ 4-ാം ദശാബ്ദി ആഘോഷിച്ചപ്പോൾ ഇന്ന് നിലനിർത്തിയിരിക്കുന്ന പഴയ ദേവാലയവും, വൈദികമന്ദിരവും ആശീർവദിക്കപ്പെട്ടു. റവ. ഫാ. ജോൺ വാഴപ്പിള്ളി (Jr) യാണ് ആദ്യമായി ഇവിടെ താമസമാക്കിയ വികാരി.

## പുതിയ ദേവാലയം

കാലപഴക്കത്തിൽ വന്ന ജീർണ്ണതകൊണ്ട് പുതിയൊരു ദേവാലയം പണിയാൻ ഇടവകജനം നിർബന്ധിതരായി. വികാരി റവ. ഫാ. ജോൺ കവലക്കാട്ട് (Sr.) ഇടവകാംഗങ്ങളുടെ അഭിലാഷം പൂർത്തീകരിക്കുവാൻ ശ്രമമാരംഭിച്ചു. കർഷകരും കർഷകതൊഴിലാളികളുമായ ഇടവകജനം സാമ്പത്തികമായി ബുദ്ധിമുട്ടിലായിരുന്നു. എങ്കിലും, 26.9.1999-ൽ ഇടവക പൊതുയോഗത്തിൽവച്ച് പുതിയൊരു ദേവാലയം പണിയുന്നതിന് ഏകകണ്ഠമായി തീരുമാനമെടുത്തു. നിലവിലുണ്ടായിരുന്ന ദേവാലയം പാരിഷ്ഹാളായി നിലനിർത്തിക്കൊണ്ട് മറ്റൊന്ന് പണിയുന്നതാണ് കൂടുതൽ അഭികാമ്യമെന്ന നിർദ്ദേശവും അംഗീകരിക്കപ്പെട്ടു.

2000 ഫെബ്രുവരി 5-ന് ക്രിസ്തുജയന്തി മഹാ

ജൂബിലി വർഷത്തിൽ പുതിയ ദേവാലയത്തിനു വേണ്ടി രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ ശിലാസ്ഥാപനം നടത്തി. വികാരിയും ഇടവകസമൂഹവും 36 മാസം ഒറ്റക്കെട്ടായി നടത്തിയ ശ്രമങ്ങളുടെ മധുരഫലമാണ് വെള്ളിക്കുളങ്ങരയ്ക്ക് തിലകക്കുറിയായി ഉയർന്നുനില്ക്കുന്ന മനോഹരമായ ദേവാലയം. റവ. ഫാ. ജോൺ കവലക്കാട്ടിന്റെ നേതൃത്വത്തിൽ പണിയപ്പെട്ട പുതിയ ദേവാലയത്തിന്റെ കൂദാശാകർമ്മം 2003 ഫെബ്രുവരി 1-ന് രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. 8000 ചതു. അടി വിസ്തീർണ്ണത്തിൽ പണിത ദേവാലയത്തിന് 38 ലക്ഷം രൂപ ചെലവുവന്നു. ഇടവകയിൽപ്പെട്ടിരുന്ന കോർമല കാർമ്മൽഗിരി ആശ്രമദേവാലയത്തെ 2000-ൽ ഇടവകയായി ഉയർത്തിയപ്പോൾ കാർമ്മൽ കുടുംബയൂണിറ്റിൽപെട്ടവർ ആ ഇടവകക്കാരായി.

## വൈദികമന്ദിരം, കപ്പേളകൾ

റവ. ഫാ. ആൻഡ്രൂസ് ചെതലൻ വികാരിയായിരുന്ന കാലത്ത് 2005-ൽ പുതിയ വൈദികമന്ദിരം പണിതീർത്തു. പള്ളിയുടെ ഗെയ്റ്റിൽ രണ്ട് കപ്പേളകൾ (സെന്റ് തോമസ്, സെന്റ് സെബാസ്റ്റ്യൻ) 2008-ൽ ബഹു. തോമസ് ആലുക്കയച്ചന്റെ നേതൃത്വത്തിൽ പണിത് വെഞ്ചിരിച്ചു.

## പ്രസന്റേഷൻ എഫ്.സി.സി. കോൺവെന്റ് & ഹൈസ്ക്കൂൾ

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ പ്രസന്റേഷൻ കോൺവെന്റ് 1954-ൽ സ്ഥാപിതമായി. അതിനോടുചേർന്ന് 1954-ൽ ആരംഭിച്ച എൽ.പി. സ്ക്കൂൾ കാലാന്തരത്തിൽ മിഡിൽ സ്ക്കൂളായും, ക്രമേണ, ഹൈസ്ക്കൂളായും ഉയർന്നു. സ്ക്കൂൾ കുട്ടികൾക്കുവേണ്ടി ഒരു ബോർഡിങ്ങും പ്രവർത്തിക്കുന്നുണ്ട്. ഉന്നത നിലവാരം പുലർത്തുന്ന ഈ വിദ്യാലയത്തിൽ 1000-ൽ പരം കുട്ടികൾ വിദ്യ അഭിസിക്കുന്നു.

## സെന്റ് പോൾസ് എഫ്.സി.സി. കോൺവെന്റ്

1964 ഏപ്രിൽ 22-ന് വി. പൗലോസിന്റെ നാമധേയത്തിൽ സ്ഥാപിതമായ ഈ ഭവനം 21 അന്തേവാസികളോടൊപ്പം ഇന്നാട്ടിലെയും അയൽപ്രദേശങ്ങളിലെയും പാവപ്പെട്ട പെൺകുട്ടികൾക്ക് വിവിധ കലകളും തൊഴിലുകളും അഭ്യസിക്കുന്നതിനുള്ള സൗകര്യപ്രദമായ ഒരു വേദിയായി നിലകൊള്ളുന്നു.

## സെറാഫിക് സോഷ്യൽ സെന്റർ

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ, അൽവേർണിയ പ്രോവിൻസ് നടത്തിവരുന്ന സോഷ്യൽ പ്രവർത്തന സ്ഥാപനമാണ് സെറാഫിക് സോഷ്യൽ സെന്റർ. 1970-ൽ രൂപംകൊണ്ട ഈ സെന്റർ 1972-ൽ ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്റെ കീഴിൽ സെറാഫിക് സോഷ്യൽ സെന്റർ, സെന്റ് പോൾസ് ലേഡീസ് സെന്റർ, എംബ്രോയ്ഡറി സെക്ഷൻ, സെറാഫിക് ഐ.ടി.സി., കെ.ജി. ടി.ഇ. ടൈപ്പ് റൈറ്റിങ്ങ് കോഴ്സ്, വൊക്കേഷനൽ ട്രെയിനിംഗ് കോഴ്സ് എന്നിവ കാലാകാലങ്ങളിൽ ആരംഭിക്കുകയും നല്ല രീതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ, 2000-ൽ കിടപ്പുരോഗികൾക്കുവേണ്ടിയുള്ള സ്നേഹാലയവും സ്ഥാപിതമായി. വനിതാക്ഷേമത്തിനുവേണ്ടി സെറാഫിക് ഹാൻഡിക്രാഫ്റ്റ് സൊസൈറ്റി നിലകൊള്ളുന്നു.



വൈദിക മന്ദിരം



പ്രസന്റേഷൻ കോൺവെന്റ് & ചാപ്പൽ



സെന്റ് പോൾസ് FCC കോൺവെന്റ്



സ്നേഹാലയം



സെറാഫിക് സോഷ്യൽ സെന്റർ



പഴയ പള്ളി (ഇപ്പോൾ പാരിഷ് ഹാൾ)



സെന്റ് ആന്റണീസ് കപ്പേള, വെള്ളിക്കുളങ്ങര ജംഗ്ഷൻ




പ്രസന്റേഷൻ ഹൈസ്ക്കൂൾ (PCGHS)



വി. അൽഫോൺസാമ്മയുടെ കപ്പേള, കോർമല